PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 6 • ISSUE : 4

APRIL 2012

## എഡിറ്റോറിയൽ

# നമുക്കും ധൈര്യം കാട്ടരുതോ?

**'അരിമത്യ നാട്ടിൽ ധാർമികനായ് വാണ യൗസേപ്പെന്നോതും മാനവനേകൻ മശിഹാതൻ ഗാത്രം പ്രാപിപ്പാൻ ചെന്നു പീലാത്തോസ്സോടായർത്ഥിച്ചേവം''**

........ദു:ഖവെള്ളിയാഴ്ച യേശുവിനെ കുരിശിൽ തറച്ച് എല്ലാവരും പിരിഞ്ഞപ്പോൾ യൗസേപ്പ് യഹൂദന്മാരാരും അറിയാതെ പീലാത്തോസിന്റെ അനുവാദത്തോടെ യേശുവിന്റെ ശരീരം കുരിശിൽ നിന്നിറക്കി അടക്കം ചെയ്യുവാൻ കൊണ്ടുപോകുന്നു. യേശുവിന്റെ അരുമശിഷ്യന്മാരായിരുന്നവർപോലും ജീവഭയം കൊണ്ട് മാറി നിന്നപ്പോൾ യൗസേപ്പാണ് ധൈര്യസമേതം യഹൂദന്മാരുടെ എതിർപ്പ് അവഗണിച്ച് യേശുവിനെ അടക്കം ചെയ്തത്. യൗസേപ്പിനെപ്പോലെയുള്ള അനേകമാളുകൾ ധൈര്യം കാട്ടിയതു മൂലമാണ് ക്രിസ്തു മതം പടർന്നു പന്തലിച്ച് ഇന്നത്തെ സ്ഥിതിയിലെത്തിയത്.

എല്ലാ സഭകളുടെയും നിലനിൽപ്പുതന്നെ കൂട്ടായ്മയിലും ദാനധർമ്മത്തിലും അധിഷ്ഠിതമാണ്. ദൈവവിശ്വാസത്തിൽ അടിത്തറപാകിയ ഒരു സഭയ്ക്കു മാത്രമേ ഇവ സാധിക്കുകയുള്ളൂ. യേശു പഠിപ്പിച്ചിരിക്കുന്നത് നന്മ ചെയ്യുവാൻ മനുഷ്യ നിർമ്മിതമായ ' ശബ്ബത്തുകൾ 'തടസ്സമാകരുതെന്നാണ്.

ഈ വലിയ നോമ്പിലെ പ്രാർത്ഥനയും ഉപവാസവും ദൈവവചനക്ലാസ്സുകളും നമ്മുടെ ദൈവവിശ്വാസത്തിന്റെ ദൃഢതയ്ക്ക് കാരണവും, സമൂഹത്തോടുള്ള പ്രതിബദ്ധതയ്ക്ക് ഉറപ്പും, നമുക്ക് മനസ്സമാധാനവും പ്രദാനം ചെയ്യുവാൻ പ്രേരകമാകണം. നോമ്പുകാലം കഴിയുമ്പോഴേക്ക് യോശുവ പറഞ്ഞതുപോലെ 'ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും' (യോശു 24: 15) എന്നു പറയുവാൻ സാധിക്കണം. സാത്താന്റെ പരീക്ഷണങ്ങൾ ദൈനംദിനമെന്നോണം നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ട് ദൈവവിശ്വാസം കൈവിടാതെ മുമ്പോട്ട് പോകുവാനുള്ള ധൈര്യവും നോമ്പുകാലത്ത് കൈവരിക്കണം.

വിശ്വാസത്തിന് പ്രഥമസ്ഥാനം നൽകുമ്പോൾ ദൈവവചനം പൂർണ്ണമായി അനുസരിക്കണം. വിശ്വസിച്ചു കൊണ്ടുള്ള ഏതു പ്രാർത്ഥനയ്ക്കും ഉത്തരം ലഭിക്കും. ഉയർത്തെഴുന്നേറ്റ യേശുവിലുള്ള വിശ്വാസം കൊണ്ട് മാത്രമാണ് നാം രക്ഷിക്കപ്പെടേണ്ടത്. പൗലോസ് അപ്പോസ്തലൻ പറയുന്നത് പോലെ "ന്യായപ്രമാണ അനുഷ്ഠാനങ്ങൾ കൊണ്ട് നീതി ലഭിക്കുമെങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയല്ലൊ'' (ഗലാ 2: 21). യേശു നമ്മെ വ്യക്തിപരമായി അറിയുന്നു- ഒരു നല്ല ഇടയൻ അവന്റെ ഓരോ ആടിനെയും തിരിച്ചറിയും പോലെ. ''ഞാൻ നല്ല ഇടയൻ, ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു''(യോഹ 10: 14). ഉപവാസത്താലും പ്രാർത്ഥനയാലും ഈ നോമ്പിൽ നമ്മെ അറിയുന്ന യേശുവിലുള്ള പൂർണ്ണവിശ്വാസം നേടിയെടുക്കണം.

രണ്ടാം സ്ഥാനം നൽകേണ്ടത് യേശു പഠിപ്പിച്ച "അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കണം"എന്ന ഉപദേശത്തിനാണ്. വേദപുസ്തകത്തിൽ ഏറ്റവും കൂടുതൽ ആവർത്തിച്ചിട്ടുള്ള വാക്യവുമിതാണ്. (ലേവ്യ 19: 18, 19:34, മത്താ: 19:19, 22:39, മർക്കോ 12:31, ലൂക്കോ 10:27, റോമർ 13: 9, ഗലാ 5: 14, യാക്കോ 2:8 ). അതുകൊണ്ട് തന്നെ അതിന്റെ പ്രാധാന്യം വ്യക്തമാണല്ലോ. അയൽക്കാരനോടു കാട്ടാവുന്ന ഏറ്റവും വലിയ സ്നേഹം അവനു വേണ്ടി ദൈവത്തോടപേക്ഷിക്കുകയും സഹായമാവശ്യമുള്ളപ്പോൾ അതു നൽകുകയുമാണ്. ദൈവത്തിലുള്ള പൂർണ്ണ വിശ്വാസവും കൂട്ടുകാരനെ തന്നെപ്പോലെ സ്നഹിക്കുവാനുള്ള കഴിവും ഈ നോമ്പു മൂലം സാധിച്ചാൽ നാം ധന്യരാകും.

പലപ്പോഴും മറ്റുള്ളവരെ സഹായിക്കണമെങ്കിൽ അനീതി കണ്ടാൽ പ്രതികരിക്കാനുള്ള ധൈര്യം നമുക്കുണ്ടാകണം. ഈ ധൈര്യം നമുക്ക് ദൈവവിശ്വാസത്താൽ ലഭിക്കണം. ''ദൈവത്തിന്റെ സ്വന്തം നാട്'' എന്നഭിമാനിക്കുന്ന കേരളത്തിൽ അടുത്തയിടെ സ്ത്രീകളോടുള്ള കയ്യേറ്റങ്ങൾക്കെതിരെ സമൂഹമന:സാക്ഷി ഉണർത്താൻ നമുക്കും ചുമതലയില്ലേ? നമ്മുടെ വീട്ടിലുള്ളവർക്ക് എന്തെങ്കിലും സംഭവിച്ചാൽ മാത്രം പ്രതികരിച്ചാൽ മതിയോ? വി.പൗലോസ് പറയുന്നതുപോലെ ഓരോരുത്തരെയും നമ്മുടെ സഹോദരീസഹോദരന്മാരായി (1 തിമൊ 5:2) കാണാൻ ശ്രമിക്കുമ്പോഴാണ് നാമും നാം അംഗങ്ങളായ ഓർത്തഡോക്സ് സഭയും അനുഗ്രഹീതരാകുന്നത്. ■

## ഇടയ ലേഖനം

# വലിയ നോമ്പിന്റെ വലിപ്പം

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ദൈർഘ്യം മറ്റ് നോമ്പുകളേക്കാൾ ഏറിയിരിക്കുന്നതുകൊണ്ടും കൂടിയാണ് അമ്പതു നോമ്പ് 'വലിയ' എന്ന വിശേഷണം നേടിയിരിക്കുന്നത്. എന്നാൽ അതുമാത്രമല്ല കാരണം, നമ്മുടെ കർത്താവിന്റെ പീഢാനുഭവം, കുരിശുമരണം, പുനരുദ്ധാരണം എന്നീ 'വലിയ' കാര്യങ്ങൾ പൗരാണികമായ നാൽപതു നോമ്പിനു തുടർച്ചയായി വരുന്നതാണ് പ്രധാനകാരണം, പെരിയ നാൾ പെരുന്നാൾ ആകുന്നതുപോലെ.

വലിയ നോമ്പിന്റെ ഏഴ് ആഴ്ചവട്ടങ്ങൾ, വിശുദ്ധ ഗ്രന്ഥപാരായണം, നോമ്പു പ്രവാസങ്ങൾ, സാഷ്ടാംഗപ്രണാമം, ദരിദ്രരെ തീറ്റിപ്പോറ്റൽ, അനാഥ സംരക്ഷണം, ധ്യാനം, പ്രത്യേക പ്രാർത്ഥനകൾ എന്നിവയാൽ പൂരിതമായിരിക്കണം. ഭക്ഷണം വെടിയൽ അവയിൽ ഒരു ഘടകം മാത്രം. ആഴ്ചവട്ടങ്ങൾ ഏഴും പൂർത്തിയാകുമ്പോൾ വി.പുനരുദ്ധാനപ്രഭാതം ഉദിച്ചുയരുന്നു. നോമ്പിലൂടെ പരിണാമങ്ങളും പഠനങ്ങളും സ്വായത്തമാവാത്തവർ നോമ്പുകാർ എന്ന പേരിന് അർഹതയുള്ളവരല്ല. ഹൃദയപരിണാമമാണ് എല്ലാ നന്മയുടെയും തുടക്കം. ഹൃദയത്തിൽ നിന്ന് ലൗകികത, ധനമോഹം, മലിനചിന്തകൾ, ദുരഭിമാനം, വിദ്വേഷം, പക, അഹംഭാവം, സ്വാർത്ഥത, മുതലായവ നിഷ്ക്കാസനം ചെയ്യാനുദ്ദേശിച്ചിട്ടുള്ളതാണ് വലിയ നോമ്പ്.

ആത്മാർത്ഥമായും ക്രിയാത്മകമായ ഈ നോമ്പ് അനുഷ്ഠിച്ച് അതിൽ സന്തോഷിക്കുന്നവർക്കാണ് വലിപ്പം ഉണ്ടാവുക. അപ്പോൾ നോമ്പ് അനുഷ്ഠിക്കാത്തവരുടെ കഥ പറയാനുമില്ല. കാലവും അനുഭവങ്ങളും വഴി സ്വഭാവത്തിലും ജീവിതത്തിലും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നശിപ്പിച്ചേ തീരൂ. ഭൗതിക ലോകത്ത് മാലിന്യനിർമ്മാർജ്ജനവും മാലിന്യ സംസ്കരണവും ഇന്ന് പ്രസക്തമാണല്ലോ. അതിലേറെ പ്രസക്തമാണ് വ്യക്തികളുടെയും കുടുംബങ്ങളുടെയും ഉള്ളിൽ നിത്യേന കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ.

ശീലങ്ങളെ നവീകരിക്കുന്നതിനും ദുശ്ശീലങ്ങളെ മന:പൂർവ്വമായി കൈവെടിയുന്നതിനും സ്നേഹമെന്ന വികാരത്തെ നിബന്ധനകൂടാതെ സഹജീവികളിലേക്ക് ബന്ധിപ്പിക്കാൻ പഠിക്കുന്നതുമായ സാമൂഹിക - ആത്മീയ പാഠശാല തന്നെയാണ് വലിയ നോമ്പ്. വാർഷികമായി വന്നെത്തുന്ന ഈ ജീവിത സംസ്കരണ പ്രക്രിയ സുകൃതാഭ്യാസ വേദിയാണ്. വീഴ്ചകളും ദുഷ്ചര്യകളും കണ്ടുപിടിച്ച് വേരോടെ പറിച്ചു കളഞ്ഞിട്ട് തൽസ്ഥാനത്ത് സുകൃതങ്ങൾ നട്ടുപിടിപ്പിക്കുന്നത് സഹൃദയത്വമായിരിക്കും.

വലിയ നോമ്പ് അങ്ങനെ നമ്മളെ വലിയവരാക്കുന്നു, മനുഷ്യരെ മാലാഖമാർക്ക് തുല്യമാക്കുന്നു. മോശയും ഏലിയായും നമ്മുടെ കർത്താവു തന്നെയും നോമ്പ് നോറ്റ് നമ്മെ പഠിപ്പിച്ചതാണ് ഈ പാഠങ്ങൾ. 'കടങ്ങൾ വീട്ടുമ്പോഴേ' നോമ്പ് 'വീടലാകൂ'. ഉയിർത്തെഴുന്നേറ്റ കർത്താവിനോടൊപ്പം അമരണത്വം പങ്കിട്ട് സന്തോഷിക്കുന്നതിന് മുമ്പ് പീഢാനുഭവച്ചൂളയുടെ ചൂടും നുകരാൻ കഴിയുമെങ്കിൽ എല്ലാമായി.

ഏവർക്കും അനുഗ്രഹകരമായ ഉയിർപ്പു പെരുനാളിൽ നന്മകൾ നേരുന്നു. ■

## വികാരിയുടെ കത്ത്

# കുരിശ് അഥവാ സ്ലീബ

ഫാ. ഒ.വി.ഏലിയാസ്



പൗരസ്ത്യ സുറിയാനി ഭാഷയിൽ നിന്ന് കടമെടുത്തിരിക്കുന്ന വാക്കാണ് സ്ലീബ. കുരിശെന്നാണ് അതിനർത്ഥം. " സ്ലേബു്" എന്ന സുറിയാനി വാക്കിന്റെ അർത്ഥം "തൂക്കപ്പെട്ടവൻ" എന്നാണ്. അതിനാൽ സ്ലീബ കർത്താവിനെക്കുറിക്കുന്നു. കുരിശ്, കുരിശുവര, കുരിശുനാട്ടൽ, സ്ലീബ വന്ദനവ്, കബറടക്കം, കുരിശ് ഉയിർപ്പിക്കൽ, കുരിശ് സ്ഥാപനം ഇവയ്ക്കെല്ലാം കുരിശിനോട് ബന്ധപ്പെട്ട് പൗരസ്ത്യ ആരാധനാ ജീവിതത്തിൽ അദ്വിതീയ സ്ഥാനമാണുള്ളത്. കർത്താവിന്റെ കാലത്തിന് മുമ്പ് റോമാക്കാർ വധശിക്ഷയ്ക്ക് വിധിച്ചിരുന്ന ഭീകര കുറ്റവാളികളെ കൊല്ലുവാനുപയോഗിച്ചിരുന്ന കൊലമരമായിരുന്നു കുരിശ്. എന്നാൽ പാപമില്ലാത്തവനായ കർത്താവ് പാപികളായ മനുഷ്യർക്കു വേണ്ടി കുരിശുമരണം സ്വയം ഏറ്റുവാങ്ങിയതോടെ അതുവരെ ഹീനവസ്തുവായി പരിഗണിച്ചിരുന്ന കുരിശ് കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുന്ന എല്ലാ മനുഷ്യരുടെയും അങ്ങേയറ്റം പ്രാധാന്യമുള്ള ഒരു വിശിഷ്ട വസ്തുവായി തീർന്നു.

പൈശാചിക ശക്തികളുടെയും മരണത്തിന്റെയും മേലുള്ള വിജയത്തിന്റെ പ്രതീകമാണ് കുരിശ്. സുവിശേഷത്തെ വി. പൗലോശ്ലീഹാ വിശേഷിപ്പിക്കുന്നത് ക്രൂശിന്റെ വചനമെന്നാണ്. അത്രയ്ക്ക് പ്രാധാന്യമാണ് കുരിശിനുള്ളത്. ഭൂരിഭാഗം ക്രിസ്തീയ സഭകളും പ്രാർത്ഥിക്കുമ്പോൾ കുരിശു വരയ്ക്കുകയും ത്രോണോസിൻമേലും ശുശ്രൂഷ നടത്തുന്ന സ്ഥലങ്ങളിലും കുരിശ് വയ്ക്കുകയും കുരിശ് സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ആഘോഷിച്ച് പ്രതിഷ്ഠിക്കുകയും ഘോഷയാത്രകളിൽ കുരിശ് എഴുന്നള്ളിക്കുകയും എല്ലാം ചെയ്യുന്നതിലുപരി പ്രധാനപെരുന്നാളുകളിലെല്ലാം ശുശ്രൂഷാമദ്ധ്യേ സ്ലീബാ ആഘോഷം നടത്തുന്ന പതിവും നമ്മുടെ സഭയിലുണ്ട്.

അംശ വസ്ത്രധാരിയായ പട്ടക്കാരൻ നാലു ദിക്കുകളിലേക്കും സ്ലീബാ ആഘോഷിക്കുന്നത് ക്രൂശിക്കപ്പെട്ടവന്റെ സുവിശേഷം ലോകത്തിലെ നാലുഭാഗങ്ങളിലേക്കും വ്യാപിച്ചതുകൊണ്ടും വ്യാപിപ്പിക്കേണ്ടതു കൊണ്ടുമാണ്. സ്വർഗത്തെയും ഭൂമിയെയും (പ്രകൃതി) മനുഷ്യനെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വിശിഷ്ട അടയാളമാണ് കുരിശ്. അതിന് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും കഥയാണ് പറയാനുള്ളത്. മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗ മഹോന്നതങ്ങളിൽ നിന്ന് ഭൂമിയിൽ മനുഷ്യാവതരം ചെയ്ത ദൈവം - മനുഷ്യനെ പാപദാസത്തിൽ നിന്ന് വീണ്ടെടുത്ത് സ്വർഗ്ഗരാജ്യാവകാശിയാക്കിത്തീർത്ത ദൈവം - ഈ ദൈവീക രക്ഷാപദ്ധതിയ്ക്ക് ദൈവസ്നേഹമെന്നല്ലാതെ മറ്റൊരു പേരും അനുയോജ്യമല്ല. വിശ്വാസികൾ കുരിശ് കാണുമ്പോഴും കുരിശ് എന്നുച്ചരിക്കുമ്പോഴും ഈ ദൈവീക പദ്ധതി ധ്യാനിച്ചുകൊണ്ട് ശരീരത്തിൽ കുരിശുവരയ്ക്കണം എന്ന് പിതാക്കൻമാർ ഉദ്ബോധിപ്പിക്കുന്നു. [ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിൽ അവതരിച്ചതിനെ ധ്യാനിച്ചുകൊണ്ട് നെറ്റിയിൽ നിന്ന് നെഞ്ചിലേക്കും പാപം മൂലം സാത്താന്റെ (ഇടത്തേതിന്റെ) മക്കളായ നമ്മെ രക്ഷിച്ചു സ്വർഗ്ഗത്തിന്റെ (വലത്തേതിന്റെ) മക്കളാക്കി തീർത്തതിനെ ധ്യാനിച്ചുകൊണ്ട് ഇടത്തേതോളിൽ നിന്ന് വലത്തേ തോളിലേക്കും].

ഇസ്രായേൽ പാളയമദ്ധ്യത്തിൽ ഉയർത്തി നാട്ടപ്പെട്ട പിത്തള സർപ്പം ഗോഗുൽത്തായിൽ ഉയർത്തി നാട്ടപ്പെട്ട കുരിശിന്റെയും അതിൽ മരണം വരിച്ച കർത്താവിന്റെയും മുൻകുറിയായിരുന്നു. സർപ്പദംശനമേറ്റ ഇസ്രായേൽ ജനം യഹോവയുടെ കൽപനപ്രകാരം നാട്ടപ്പെട്ട പിത്തള സർപ്പത്തെ നോക്കി രക്ഷപ്രാപിച്ചതുപോലെ ഗോഗുൽത്തായിൽ ഉയർത്തിനാട്ടപ്പെട്ട കുരിശും അതിൽ തൂക്കപ്പെട്ട കർത്താവും സമസ്ത ലോകത്തിനും രക്ഷാഹേതുവായിത്തീർന്നു എന്നതും ദൈവീക രക്ഷാപദ്ധതിയുടെ ഭാഗമാണ്. പാതിനോമ്പിന്റെ ശുശ്രൂഷ മദ്ധ്യേ പള്ളിക്കകത്ത് ഗോകുൽത്തായിൽ കുരിശ് ആഘോഷിച്ച് പ്രതിഷ്ഠിക്കുമ്പോൾ രക്ഷവാഞ്ഛിക്കുന്ന ഏവനും കുരിശിൽ മരിച്ച കർത്താവിലാണ് ദൃഷ്ടി ഉറപ്പിക്കേണ്ടത്.

കുരിശിനെ ബഹുമാനിക്കുന്നതിനെയും ദു:ഖവെള്ളിയാഴ്ചത്തെ പ്രത്യേക ശുശ്രൂഷയെയുമാണ് സ്ലീബാ വന്ദനമെന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്. കുരിശുമൂലം വീണ്ടെടുത്ത മനുഷ്യവർഗത്തിന്റെ രക്ഷയെ പ്രകീർത്തിക്കുന്ന ശുശ്രൂഷ സംവിധാനമാണത്. ദു:ഖവെള്ളിയാഴ്ച യാമപ്രാർത്ഥനകൾ കഴിഞ്ഞ് സ്ലീബാ മേശപ്പുറത്ത് വച്ച് സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ ആരംഭിക്കുന്നു. ശുശ്രൂഷ മദ്ധ്യേ ഏവൻ ഗേലിയോൻ കഴിഞ്ഞ് സ്ലീബാ മേശപ്പുറത്ത് വച്ച് ധൂപം വീശി എല്ലാവരും അവരവരുടെ സ്ഥാനത്ത് നിലത്ത് മുട്ടുകുത്തി കുമ്പിടുകയും ഓരോരുത്തരായി വന്ന് സ്ലീബാ മുത്തുകയും ചെയ്യുന്നു. അപ്പോൾ നമുക്ക് വേണ്ടി മരിച്ച കർത്താവിന്റെ പ്രതീകമായിട്ടാണ് സ്ലീബായെ നാം ദർശിക്കുന്നത്.

മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കുവേണ്ടി കർത്താവ് നിർവഹിച്ച തിരുബലിയെ അനുസ്മരിപ്പിക്കുന്ന അടയാളമായി കുരിശിനെ കണ്ടുകൊണ്ട് നാമതിനെ വന്ദിക്കുകയും മുത്തുകയും കുരിശിന്റെ മുമ്പിൽ തലവണങ്ങി ബഹുമാനിച്ച് കുരിശ് വരയ്ക്കുകയും ചെയ്യുന്നു. കുരിശിനെ വണങ്ങുമ്പോൾ, കുരിശ് കുമ്പിടുമ്പോൾ, കുരിശിനെ ചുംബിക്കുമ്പോൾ കുരിശിൽ തൂങ്ങിമരിച്ച കർത്താവിനെ വന്ദിക്കുകയാണ് നാം ചെയ്യുന്നത്.

ശുഭ:ചിഹ്നംതാൻ സ്ലീബാ  
വിജയക്കൊടി താൻ സ്ലീബാ  
നമ്മെ രക്ഷിച്ചീടും  
സ്ലീബായിൽ പുകഴുന്നു നാം.

കുരിശ് കുമ്പിടുമ്പോൾ വിശ്വാസികൾ ചൊല്ലുന്ന പ്രാർത്ഥന താഴെപ്പറയും വിധമാണ്. "ഞങ്ങളുടെ ആത്മത്തിന് അതിനാലേ രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു. മിശിഹാതമ്പുരാനെ നീ എഴുന്നള്ളി വരുമ്പോൾ ഞങ്ങളെയും ഓർക്കണമെന്ന് ആ കള്ളനോട് കൂടെ ഞങ്ങളും ചൊല്ലുന്നു."

കുരിശ് കുമ്പിടീലിനു ശേഷം കുരിശ് അടക്കം ചെയ്യുന്നു. കർത്താവിന്റെ മൃതശരീരം സുഗന്ധദ്രവ്യം പൂശി അടക്കം ചെയ്തതുപോലെ കുരിശും സുഗന്ധ വർഗ്ഗങ്ങൾ ചേർത്ത് അടക്കം ചെയ്യുന്നു. "പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടത അനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റ്...". ഓരോ ദിവസവും വിശ്വാസ പ്രമാണത്തിൽ നാം ചൊല്ലുന്ന ഭാഗമാണിത്. മിശിഹായുടെ ജനനവും കുരിശുമരണവും കബറടക്കവും ഉയർത്തെഴുന്നേൽപ്പും എല്ലാം കെട്ടുകഥകളല്ല ചരിത്രസംഭവങ്ങൾ തന്നെയാണ് എന്ന് മേലുദ്ധരിച്ച ഭാഗം തെളിവായി സാക്ഷിക്കുന്നു.

ഉയിർപ്പു പെരുന്നാളിൽ രാത്രി നമസ്കാരത്തിന്റെ അവസാനം പട്ടക്കാരൻ ഉയിർപ്പിച്ച കുരിശ് ഉയർത്തിപ്പിടിച്ച് മദ്ബഹായിൽ പടിഞ്ഞാറോട്ട് തിരിഞ്ഞ് നിന്ന് ഉയിർപ്പിന്റെ പ്രഖ്യാപനം നടത്തുന്നതും അതിനു മറുപടിയായി ജനം ചൊല്ലുന്നതും പ്രത്യേകം ശ്രദ്ധേയമാണ്. അതിപ്രകാരമത്രെ, "സഹോദരൻമാരെ ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാ കബറിൽ നിന്ന് ഉയർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു". സത്യമായും താൻ ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നുവെന്ന് ജനം മറുപടിയായും പറയുന്നു. ഉയിർപ്പിന്റെ സദ്വാർത്ത തലമുറ തലമുറയായ് അനുസ്മരിക്കപ്പെടുകയും ഉത്ഘോഷിക്കപ്പെടുകയും ചെയ്യുന്ന ശുശ്രൂഷാഭാഗമാണിത്. ക്രിസ്തുമതത്തിന്റെ വൈശിഷ്ട്യം നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പാണ്. സഭയുടെ അടിസ്ഥാന വിശ്വാസമാണിത്. "മിശിഹാ മരിച്ച് ഉയർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥ"മെന്നത്രെ പൗലോശ്ലീഹാ പറയുന്നത്. (1 കൊരി: 15: 14, 15) കുരിശിന് കൂദാശയില്ല. കുരിശ് ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുമ്പോൾ കുരിശ് ആഘോഷിച്ചു പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. കുരിശ് അതിൽതന്നെ ഒരു സമ്പൂർണ്ണ രക്ഷാചിഹ്നമാണ്.

സ്ലീബാവെന്നു വെല്ലുന്നു,  
സ്ലീബ വിദ്വേഷിയെവെന്നു  
സ്ലീബായെ സാക്ഷിച്ചോർക്കായ്  
സ്ലീബായാകട്ടെ കോട്ട.

■

## ഭദ്രാസന വിശേഷങ്ങൾ



കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത അഭി. യാക്കോബ് മാർ ഐറേനിയോസ്, കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സന്ദർശിച്ചപ്പോൾ. സന്തോഷ സൂചകമായി തിരുമേനി കർദ്ദിനാളിന് സമ്മാനിച്ച കുരിശും കാണാം.

# മെൽത്തോ 2012

എറണാകുളം ഓർത്തഡോക്സ് കൺവെൻഷൻ, മെൽത്തോ 2012, മാർച്ച് 9,10,11 തീയതികളിൽ രാജേന്ദ്ര മൈതാനത്ത് നടന്നു. അഭി. സഖറിയാ മാർ നിക്കോളാവോസ് മെത്രാപ്പോലീത്ത ഉത്ഘാടനം നിർവ്വഹിച്ചു. അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത ആമുഖ പ്രഭാഷണം നടത്തി. അഭി. ഇടവക മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ എല്ലാദിവസവും നടന്ന കൺവെൻഷൻ, വിശ്വാസികൾക്ക് ആത്മീയ പുതുക്കം നൽകുന്നതായിരുന്നു.










## കുടുംബ വിശേഷങ്ങൾ

# Reaping Glory

(The short story that got 2nd price in the global MOMS contest)

It was a night of incessant rain. The wind was howling over the neighbourhood and there was thunder and lightning. Diya just could not sleep or she was anxious about the morrow – her plus two results were to be announced. Not that she'd fail- she was the best student at school. She watched her mother tired and worn out sleeping peacefully after a hectic day's work. Her thoughts raced back to the bygone years filled with ups and downs.

What an idyllic life they had when she was a small child. Her Appa and Amma had a run – away marriage, and they had settled in a remote village in Kasarkode. Joe , her Appa had been a bus –conductor and her mother Liza, the daughter of a rich businessman. Liss had run away with Joe when her father made plans to marry her off to the wayward son of a friend of his. Liza, with her captivating smile and nice mannerisms had fallen for Joe's good looks and engaging personality. They set up home in a small house in Kasarkode, having bought it by selling Liza's gold jewellery. Joe secured a job as a lorry driver and they lived happily. When Diya was born after a year, their joy knew no bounds. Weekdays Joe would be out of the district but each weekend he would be home. When Appa came it was a festival at home. Diya was his " little princess" and how she loved sitting on his shoulders and being pampered.

It all went haywire with the birth of Deepu. She was five at that time. He was differently abled child with a huge hydrocephalus head- the aftermath of endosulphan spraying! Liza and Diya also had suffered frequent fevers and severe body pain. Joe never liked what he saw. The weekends were no longer festive. He was devastated by this calamity and started drinking. Some weekends he would not turn up at home. This grieved the family and they were short of food and money. Arguments and quarrels became a common occurrence whenever he came.

Diya shuddered at the thought of Appa shouting at Amma- " How dare you question me on how I should spend my money? I will drink when I feel like and come home when I want"

"Joe Chetta please.. you are frightening the children"

" whose child is that monster? I will kill him" he would shout. Amma epitome of endurance always stopped him from getting near the baby. He would beat her up, kick her and abuse her and get out. Struck dump with shock, Diya used to hide behind the door and weep.

After his departure, Liza would sit huddled in a corner with Diya and the baby. She would pray and entreat the Lord to save her from further cruelties. They would plead with Mother Mary to intercede for them to Lord Jesus. They always cried themselves to sleep embracing each other. In the morning Liza would tell little Diya

with tears in her eyes – “ you know your Appa. He is sorrowful about our baby's condition. He is really good at heart. He will be same old loving Appa when he comes next”.

But he never changed. Despite his manhandling Liza using thunderous unutterable language, she always forgave him. He would hurl hot coffee over her and go off without giving them any money. “ You are a business magnate's daughter. no? Let him look after you and that little monster”.

Days rolled into months. Liza and Diya prayed and prayed but to no avail. In the end they heard that Appa had left them to marry another woman. That was the end Liza took it so hard that she wouldn't speak a word about it. Days and nights of incessant grief broke her. Yet she never once forget that she had to look after Deepu& Diya. She started giving tuitions to the village children. But as they too were poor like them, she could only get a very meagre amount as fee.

This led Liza to think of starting a "Kudumbasree unit" at Kasarkode. She and six of her friends put in some money and began making pickles, jams and squashes. They sold them in the local shops. It was a profitable venture. In the spare time they resorted to Mushroom Cultivation. Months of hard work reaped benefits. Each day after sending Diya to school, she would bundle up Deepu in her arms and go for work. Deepu had to be hospitalized several times but her colleagues were co- operative and helped. But at the age of three, poor Deepu passed away in sleep, leaving Liza and Diya alone.

Trrmm......... It was the timepiece giving the wake-up call. Liza was up and doing her chores. Diya got up, washed and brushed and went around to clean the compound as it was her job. It was 7.AM and Diya ran to join her mother as it was usual for the two to spend half an hour in prayer. They bowed their heads before the Lord and praised Him for blessing them with another wonderful day of opportunities. Through thick and thin they had gone in the strength of prayer.

Tuck.. Tuck... somebody was at the door. Diya opened the door and was awestruck to find her Head Mistress and The Press standing out with wide grins on their faces.

“ Diya dear! You have passed in flying colours! You have brought honour to our school. You are the state topper!” Diya just couldn't contain her joy. She burst out crying! Mother and daughter hugged each other and praised the Lord Jesus. “The Lord has been so gracious to us that he remembered our sufferings and helped us to great glory!” Said her mother as she brushed away her tears. Their endurance had brought glory at last!!!

**Mrs. Sajju Susan John**
*Mookencheril*

## വിശേഷദിവസങ്ങൾ

**ഏപ്രിൽ 2012**

| | | | |
|---|---|---|---|
| **05** | **വ്യാഴം** | : | പെസഹാ വ്യാഴാഴ്ച (പാമ്പാടി കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെഓർമ്മ) |
| **06** | **വെള്ളി** | : | ദു:ഖവെള്ളിയാഴ്ച |
| **07** | **ശനി** | : | ദു:ഖശനിയാഴ്ച 11 മണിക്ക് 3-ാം മണി, മദ്ധ്യാഹ്നം, വിശുദ്ധ കുർബാന |
| **08** | **ഞായർ** | : | ഉയിർപ്പ് ഞായറാഴ്ച (ക്യംതാ) |
| **15** | **ഞായർ** | : | പുതു ഞായറാഴ്ച |
| **23** | **തിങ്കൾ** | : | വി. ഗീവർഗീസ് സഹദായുടെ ഓർമ്മ |

**മെയ് 2012**

| | | | |
|---|---|---|---|
| **03** | **വ്യാഴം** | : | മോറോൻ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മ (പാമ്പാക്കുട) |



**കാതോലിക്കാ ദിനത്തിൽ (25-03-2012 ഞായറാഴ്ച) വികാരി ഫാ. ഒ.വി. ഏലിയാസ് സഭാപതാക ഉയർത്തുന്നു.**



**പരിശുദ്ധ സഭയിലെ അത്മായ ട്രസ്റ്റിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം.ജി.ജോർജ്ജ് മുത്തൂറ്റിന് കത്തീഡ്രലിൽ സ്വീകരണം നൽകിയപ്പോൾ**

## അഭിനന്ദനങ്ങൾ



ക്രിസ്റ്റിന മറിയം ചാക്കോ



സിയ സക്കറിയ ചീരൻ



വർഷ സറാ വർഗ്ഗീസ്

“അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തിയ മെറിറ്റ് ഈവനിംഗിൽ വിദ്യാഭ്യാസ-ശാസ്ത്ര -കലാ രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തിയതിന് നമ്മുടെ ഇടവകാംഗങ്ങളായ ശ്രീ. ചാക്കോ ഫിലിപ്പിന്റെയും, മറിയമ്മ ചാക്കോയുടേയും മകൾ കുമാരി **ക്രിസ്റ്റിന മറിയം ചാക്കോയും**, ശ്രീ. സക്കറിയ ജോസഫ് ചീരന്റെയും ടെസ്സി സക്കറിയയുടെയും മകൾ കുമാരി **സിയ സക്കറിയ ചീരനും**, ലെഫ്. കേണൽ (Retd) ബിനു വർഗ്ഗീസിന്റെയും, Late. ജിജി വർഗ്ഗീസിന്റെയും മകൾ കുമാരി **വർഷ സറാ വർഗ്ഗീസും** പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവായിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

## മാമോദീസാ

കലൂർ 5-C J.M. Castle Melevilayil ശ്രീ. ഡെന്നീസ് ജോണിന്റെയും ശ്രീമതി. ലിൻസി ഡെന്നീസിന്റെയും മകൾ റേച്ചൽ 24-03-2012 ൽ കത്തീഡ്രലിൽ വെച്ച് മാമോദീസാ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*

**എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ-വി.കുർബ്ബാനസമയം**

April 15 - 7.00 a.m. | April 22 - 10.30 a.m. | April 29 - 7.00 a.m.

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
*Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only*
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**